നമ്പർ സ്പോർട്സ് (2)/84347/07

പൊതുവിദ്യാഭ്യാസ ഡയറക്ടറാഫീസ്,
തിരുവനന്തപുരം, തീയതി 29/8/2009.

## സർക്കുലർ

വിഷയം; സമ്പുർണ്ണ കായികക്ഷമതാ പദ്ധതി-കായികക്ഷമതാ പരിശോധന പൂർത്തീകരിക്കുന്നത് സംബന്ധിച്ച്.

സൂചന; ഈ ഓഫീസിലെ സർക്കുലർ നം.സ്പോർട്സ് 2/84347/07 തീയതി 23/6/2009.

മേൽ സൂചന പ്രകാരം സമ്പൂർണ്ണ കായികക്ഷമതാ പദ്ധതിയുടെ ഭാഗമായി 5 ാം ക്ളാസ്സുമുതൽ 10 ാം ക്ളാസ്സുവരെയുള്ള കുട്ടികളുടെ കായികക്ഷമതാപരിശോധന 2009 ആഗസ്റ്റ് 30ന് മുമ്പ് പൂർത്തിയാക്കണമെന്ന നിർദ്ദേശം നൽകിയിരുന്നു.

ടി പദ്ധതിയുടെ ഇതുവരെയുള്ള പുരോഗതി വിലയിരുത്തുന്നതിന്റെ അടിസ്ഥാനത്തിൽ പരിശോധനാഫലങ്ങൾ ഐ.ടി.@ സ്കൂൾ നൽകിയ സോഫ്റ്റ് വെയർ ഉപയോഗിച്ച് www.tpfp.org. എന്ന വെബ്സൈറ്റിൽ ഡാറ്റ അപ്ലോഡ് ചെയ്യേണ്ട തീയതി 2009 സെപ്റ്റംബർ 30 ാം തീയതിവരെ ദീർഘിപ്പിച്ചിരിക്കുന്നു. ജില്ല കോർഡിനേറ്റർമാർ ഡാറ്റ അപ്ലോഡ് ചെയ്യുന്നതിനോടൊപ്പം ക്രോഡീകരിച്ച റിപ്പോർട്ട് എല്ലാ ഹെഡ്മാസ്റ്റർമാർക്കും ബന്ധപ്പെട്ട ജില്ലാ/ഉപജില്ലാ ഓഫീസർമാർക്കും സമർപ്പിക്കേണ്ടതാണ്.

ആദ്യഘട്ടം കായികക്ഷമതാപരിശോധനയിൽ A, B, C ഗ്രേഡ് നേടിയവരുടെ രണ്ടാഘട്ട പരിശോധന സബ്ജില്ലാ അടിസ്ഥാനത്തിൽ സെപ്റ്റംബർ ആദ്യവാരം നടത്തുന്നതാണ്.

വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി.

പകർപ്പ്

എല്ലാ ഉപവിദ്യാഭ്യാസ ഡയറക്ടർമാർക്കും
എല്ലാ ജില്ലാവിദ്യാഭ്യാസ ഡയറക്ടർമാർക്കും
എല്ലാ ഉപജില്ലാവിദ്യാഭ്യാസ ഡയറക്ടർമാർക്കും

OFFICE OF THE DIRECTOR OF PUBLIC INSTRUCTION • TVPM 695 014